05-09-2021

SUNDAY ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) – 05/09/2021

1. കാർഷിക സർവ്വകലാശാലയുടെ വിവിധ ജൈവ രോഗ കീട നിയന്ത്രണോപാദികൾ, ജീവാണു വളങ്ങൾ, ജൈവ വളങ്ങൾ എന്നിവ ഇപ്പോൾ വേങ്ങേരിയിലുള്ള സർവ്വകലാശാല സ്ഥാപനമായ കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽ ലഭ്യമാകുന്നു. കൂടുതൽ വിവരങ്ങൾക്ക് **0495 2935850** എന്ന നമ്പരിൽ ബന്ധപ്പെടുക.

2. കറവ യന്ത്രം വാങ്ങുന്നതിന് മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന 25000 രൂപ ധനസഹായം ലഭ്യമാക്കുന്നതിന് തിരുവനന്തപുരം ജില്ലയിൽ അപേക്ഷ ക്ഷണിയ്ക്കുന്നു. ഉയർന്ന ഉല്പാദനക്ഷമതയുള്ള അഞ്ചോ അതിൽ കൂടുതലോ പശുക്കൾ ഉള്ളതും നിലവിൽ കറവയന്ത്രം ഇല്ലാത്തതുമായ ക്ഷീരകർഷകരാണ് അപേക്ഷിയ്ക്കേണ്ടത്. അപേക്ഷകർക്ക് മൃഗസംരക്ഷണ വകുപ്പിന്റെ കർഷക രജിസ്ട്രേഷൻ നിർബന്ധമായും ഉണ്ടായിരിക്കണമെന്നും തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു.

3. ലോക പേവിഷബാധാ ദിനാചരണത്തിന്റെ ഭാഗമായി ഈ മാസം 6 മുതൽ 9 വരെ (സെപ്റ്റംബർ 6 മുതൽ 9 വരെ) വെറ്ററിനറി സർവകലാശാല മണ്ണുത്തി വെറ്ററിനറി കോളേജിലെ രോഗപ്രതിരോധവിഭാഗം ഓമനമൃഗങ്ങൾക്ക് (നായ,പൂച്ച) സൗജന്യ പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് സംഘടിപ്പിക്കുന്നു. മുൻകൂട്ടി രജിസ്റ്റർ ചെയ്തവരുടെ മൃഗങ്ങൾക്ക് മാത്രമേ സൗജന്യ പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് ഉണ്ടായിരിക്കുകയുള്ളൂ. കോവിഡ് പ്രതിരോധ ചട്ടങ്ങൾ മാനിച്ചുകൊണ്ട് നടത്തുന്ന വാക്സിനേഷൻ ക്യാമ്പിലൂടെ ഓമനമൃഗങ്ങളെ കുത്തിവെയ്പ്പിക്കുവാൻ താൽപര്യമുള്ളവർ രാവിലെ 9.30 മുതൽ ഉച്ചക്ക് 12.30 വരെയുള്ള സമയത്ത് **0487-2972065** എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**പരിശീലന പരിപാടികൾ**

4. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 7-ന് (07/09/2021 നു ) രാവിലെ 11 മണിക്ക് **പുല്ലിനും വിത്തിനും വേണ്ടി മക്കചോളകൃഷി** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് വഴി പരിശീലനം നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

http://meet.google.com/iff-xwbj-kqe എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് 0481- 2302223 / 9447824520 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

5. കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 6 മുതൽ 9 വരെ (6-9-2021 മുതൽ 8-9-2021) വരെ കാസർഗോഡ് ജില്ലയിലെ ക്ഷീരസംഘം സെക്രട്ടറിമാർക്കുള്ള ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു . ഈ മാസം 6-ന് (06/09/2021 ന്) രാവിലെ 10.30 മണിക്ക് സഹകരണ നിയമം, ചട്ടം, പ്രധാനപ്പെട്ട സർക്കാർ ഉത്തരവുകൾ ഭക്ഷ്യ സുരക്ഷ നിയമം - 2006 :പാൽ, ഗുണനിലവാര പരിശോധനയുടെ പ്രാധാന്യം, ഓഡിറ്റ് റെക്റ്റിഫിക്കേഷൻ (http://meet.google.com/bxi-hhcj-ovh) എന്ന വിഷയത്തിലും 07-ന് (07/09/2021നു) രാവിലെ 10.30 മണിക്ക് സർവീസ് ബുക്ക് എഴുതുന്ന വിധം, ലീവ് റൂൾസ് (http://meet.google.com/cnx-htwb-ddo) എന്ന വിഷയത്തിലും 08-ന് (08/09/2021നു) രാവിലെ 10.30 മണിക്ക് സെക്ഷൻ 80 (http://meet.google.com/iwp-jumj-dcq) എന്ന വിഷയത്തിലും ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു.

6. ആതവനാട് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് കർഷകർക്ക് വേണ്ടി ഈ മാസം 8-ാം തീയതി (സെപ്റ്റംബർ 8-ന്) വൈകിട്ട് 7 മണി മുതൽ **ആട് വളർത്തലിന്റെ സമകാലിക പ്രാധാന്യം സാമ്പത്തിക വിശകലനം** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് വഴി ഓൺലൈൻ പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ **9446424556** എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യണമെന്ന് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

7. ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രം മുഖേന ഈ മാസം 10-ാം തീയതി അടുക്കളമുറ്റത്തെ കോഴിവളർത്തലിലും 13-ാം തീയതി പശുക്കളുടെ തീറ്റക്രമം എന്ന വിഷയത്തിലും 15-ാം തീയതി മുയൽ വളർത്തലിലും 22-ാം തീയതി ആടുവളർത്തലിലും, 28,29 തീയതികളിൽ കറവപ്പശു പരിപാലനം എന്നീ വിഷയത്തിലും ഓൺലൈൻ പരിശീലനങ്ങൾ നടത്തുന്നതാണ്. താല്പര്യമുള്ള കർഷകർ 0484-2631355 എന്ന ഫോൺ നമ്പറിൽ വിളിച്ചോ 9188522708 എന്ന ഫോൺ നമ്പരിൽ പേരും പരിശീലന വിഷയവും വാട്സ് ആപ് സന്ദേശമയച്ചോ രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർമേഖലയിലെ സംരംഭകത്വവികസനത്തിൽ ഈ മാസം 08-ന് (സെപ്റ്റംബർ 08-ന്) ഏകദിന ഓൺലൈൻ പരിശീലനം നൽകുന്നു. ആർ.എസ്.എസ്. ഗ്രേഡ് ഷീറ്റുകളുടെ നിർമ്മാണം, റബ്ബർപാലിൽനിന്നും ഉണക്കറബ്ബറിൽനിന്നുമുള്ള ഉത്പന്നങ്ങളുടെ നിർമ്മാണം തുടങ്ങിയ മേഖലകളിലെ നിക്ഷേപസാദ്ധ്യതകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481-2353127** എന്ന ഫോൺ നമ്പറിലോ **0481-2353201** എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടാം.

## കാർഷിക നിർദ്ദേശങ്ങൾ

9. മുണ്ടകൻ കൃഷി ഇറക്കാത്ത പാടങ്ങളിൽ പച്ചക്കറികൾ നടാം. മുളക്, വഴുതന, തക്കാളി എന്നിവയുടെ വിത്ത് പാകി മുളപ്പിച്ച് 20 മുതൽ 25 ദിവസം പ്രായമായ തൈകൾ നടാനായി ഉപയോഗിക്കാം. തൈകൾ വൈകുന്നേരം നടുന്നതാണ് നല്ലത്. പാവൽ, പടവലം, വെള്ളരി, കുമ്പളം, മത്തൻ, ചുരയ്ക്ക, വെണ്ട എന്നിവയുടെ വിത്ത് നേരിട്ട് കുത്താം. ഇതിനൊപ്പം കുറേ വിത്തുകൾ പോളിത്തീൻ ഉറകളിലും നട്ട് മുളപ്പിക്കുകയാണെങ്കിൽ മുളയ്ക്കാത്ത തടങ്ങളിൽ നടാം. പച്ചക്കറി വിളകളിൽ കാണുന്ന കുരുടിപ്പ് നിയന്ത്രിക്കുന്നതിന് വേപ്പെണ്ണ-വെളുത്തുള്ളി-സോപ്പ് ചേർത്തുണ്ടാക്കിയ മിശ്രിതം ഉപയോഗിക്കാം. കുരുടിപ്പ് ബാധിച്ച ചെടികൾ പറിച്ച് മാറ്റി നശിപ്പിച്ചു കളയുകയും വേണം. മഴക്കാലത്ത് പച്ചക്കറികളിൽ കരിവള്ളിക്കേട് എന്ന രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി ഒരു ശതമാനം ബോർഡോമിശ്രിതം കലക്കി തളിക്കുക.